## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7512 17.7.2012-ൽ മറുപടിയ്ക്ക്**

### പൗൾട്രി ഡവലപ്‌മെന്റ് കോർപ്പറേഷൻ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ.കെ.പി.മോഹനൻ<br>കൃഷിയും,മൃഗസംരക്ഷണവും<br>അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) പൗൾട്രി ഡവലപ്‌മെന്റ് കോർപ്പറേഷൻ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ മുട്ട ഉല്പാദനം സംസ്ഥാനത്ത് വർദ്ധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | എ) മുട്ട ഉൽപാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളാണ് ഗ്രാമം നിറയെ കോഴികൾ, കെപ്‌കോ ഗ്രാമങ്ങൾ, വീട്ടമ്മയുടെ അരുമക്കോഴികൾ, കോഴി വളർത്തൽ ഗ്രാമങ്ങൾ , കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് തുടങ്ങിയവ. 2005-06-ൽ 11956 ലക്ഷമായിരുന്ന ഉൽപാദനം 2011-12 ൽ 17048 ലക്ഷമായി വർദ്ധിച്ചു. |
| ബി) പൗൾട്രി ഡവലപ്‌മെന്റ് കോർപ്പറേഷൻ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ നിയോജകമണ്ഡലാടിസ്ഥാനത്തിൽ വില്പന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | ബി) പൗൾട്രി വികസന കോർപ്പറേഷന്റെ ഉത്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിൽപന കേന്ദ്രങ്ങൾ ഇപ്പോൾ തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് പ്രവർത്തിക്കുന്നത്. കൊല്ലം ജില്ലയിൽ വിൽപന കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള നടപടികൾ നടന്നു കൊണ്ടിരിക്കുന്നു. എറണാകുളം , കോഴിക്കോട് എന്നിവിടങ്ങളിൽ മാംസ സംസ്കരണ കേന്ദ്രങ്ങൾ ആരംഭിക്കുന്ന മുറയ്ക്ക് അനുബന്ധ നിയോജക മണ്ഡലങ്ങളിൽ വിൽപന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനെ പറ്റി ആലോചിക്കുന്നതാണ്. |
| (സി) പദ്ധതികളുടെ ആനുകൂല്യം ലഭിക്കാത്തവർക്ക് കോഴികുഞ്ഞുങ്ങളെ ലഭ്യമാക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത്; | (സി) സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ ആനുകൂല്യം ലഭിക്കാത്തവർക്ക് ഒന്നര മാസം മുതൽ രണ്ട് മാസം വരെ പ്രായമായ മുട്ടക്കോഴിക്കുഞ്ഞുങ്ങളെ തിരുവനന്തപുരം ജില്ലയിലെ പേട്ടയിൽ നിന്നും, ഒരു ദിവസം പ്രായമായ ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളെ തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് ഫാമിൽ നിന്നും താരതമ്യേന കുറഞ്ഞ നിരക്കിൽ ലഭിക്കുന്നതാണ്. |

ഡി) കോഴിക്കുഞ്ഞുങ്ങളും തീറ്റയും സബ്സിഡിയോടുകൂടി ലഭ്യമാക്കുവാൻ നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഡി) എല്ലാ നിയോജകമണ്ഡലങ്ങളിലും കോഴിക്കുഞ്ഞുങ്ങളും തീറ്റയും നൽകുന്നതിനുള്ള വിൽപന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് സാങ്കേതികമായി പ്രായോഗികമല്ല. എന്നാൽ കേന്ദ്ര-സംസ്ഥാന ഫണ്ട് ഉപയോഗിച്ച് പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കുന്ന വിവിധ പദ്ധതികളിലൂടെ കോഴിക്കുഞ്ഞുങ്ങളും, തീറ്റയും സബ്സിഡി നിരക്കിൽ കർഷകർക്ക് ഇപ്പോൾ ലഭ്യമാക്കുന്നുണ്ട്.

Seela

സെക്ഷൻ ഓഫീസർ